## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2571. 19.12.2012-ൽ മറുപടിയ്ക്ക്

### മാവേലിക്കര റ്റി.എച്ച്.ക്യൂ. ആശുപത്രിയുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര റ്റി. എച്ച്. ക്യൂ. ആശുപത്രിയിൽ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലുള്ള ഡോക്ടർമാരുടെ എണ്ണം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്റർ എന്ന് ഉദ്ഘാടനം ചെയ്യുവാൻ കഴിയും; അടിയന്തിരമായി തുറന്നു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ എണ്ണം തീരുമാനിക്കുന്നത് ആശുപത്രിയുടെ നിലവാരം അനുസരിച്ചല്ല; മറിച്ച് അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണത്തിന് അനുപാതികമായിട്ടാണ്. 10 കിടക്കകൾക്ക് ഒരു ഡോക്ടർ എന്ന അനുപാതമാണ് നിലവിലുള്ളത്. മാവേലിക്കര ജില്ലാ ആശുപത്രിയിലെ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 247 ആണ്. ആകെ 25 ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്, ഇതിൽ ഒഴിവുള്ള ഒരു അനസ്തേഷ്യ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കി വരുന്നു.<br><br>ഓപ്പറേഷൻ തീയറ്ററിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തു മുഖേന ലഭ്യമാക്കിയ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചാലുടൻ നവീകരിച്ച ഓപ്പറേഷൻ തീയറ്റർ ഉദ്ഘാടനം ചെയ്യുന്നതാണ്. |
| (ബി) | ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എത്ര കോടി രൂപയാണ് ചെലവഴിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ